പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2142 **26-10-2026-ൽ മറുപടിയ്ക്ക്**

കഴക്കൂട്ടം മണ്ഡലത്തിലെ മാലിന്യ സംസ്കരണ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കഴക്കൂട്ടം മണ്ഡലത്തിൽ 2016-2026 കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള മാലിന്യ സംസ്കരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: തുമ്പൂർമുഴി, ബോട്ടിൽ ബൂത്ത്, ട്രിൻ ബിൻ, കരിയില സംഭരണി എന്നിവയാണ്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ;

മറുപടി: കഴക്കൂട്ടം മണ്ഡലത്തിൽ ഉൾപ്പെട്ടു വരുന്ന ഉള്ളൂർ സോണലിൽ എം.ആർ.എഫിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ പ്രാദേശിക എതിർപ്പ്, കോടതി കേസ് എന്നിവ ഉള്ളതിനാൽ തുറന്നു പ്രവർത്തിക്കുന്നില്ല. തുമ്പൂർമുഴി, ബോട്ടിൽ ബൂത്ത്, ട്രിൻ ബിൻ, കരിയില സംഭരണി എന്നിവ വാർഡ് അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

(സി) കഴക്കൂട്ടം മാർക്കറ്റിനുള്ളിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

മറുപടി: പതിനെട്ട് ലക്ഷം രൂപ.

(ഡി) ഇപ്പോൾ ഇത് പ്രവർത്തനക്ഷമമല്ലെങ്കിൽ അക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

മറുപടി: കഴക്കൂട്ടം മാർക്കറ്റിൽ Socio Economic Unit Foundation മുഖേന 2010-11 കാലഘട്ടത്തിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. പ്ലാന്റ് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനായി പ്രസ്തുത ഏജൻസിയിൽനിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രസ്തുത മണ്ഡലത്തിലെ നിലവിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തനസജ്ജമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തന സജ്ജമാക്കുവാൻ വേണ്ടി ഉചിതമായ പദ്ധതി രൂപീകരിച്ച് നിർവ്വഹണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ